ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്കിലെ സ്ഥിരജീവനക്കാർക്ക് ഭവനവായ്പ നൽകുന്നത് സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ്. ഭവന വായ്പയുടെ പരമാവധി പരിധി 3,75,000 രൂപയാണ്. ആദ്യത്തെ വായ്പയെടുത്ത് 5 വർഷത്തിനുശേഷം പ്രസ്തുത വീട് മെച്ചപ്പെടുത്തുന്നതിലേക്ക് പരമാവധി ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്. എന്നാൽ രണ്ടു വായ്പയുംകൂട്ടി മൊത്തം 3,75,000 രൂപയിൽ കവിയാൻ പാടില്ല. ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനം ഉള്ള ബാങ്കിന്റെ പരമാവധി ബോറോയിംഗ് റേറ്റ് ആയിരിക്കും അടുത്ത വർഷം ജീവനക്കാർക്ക് നൽകുന്ന ഭവന വായ്പയുടെ പലിശ നിരക്ക്, 2002-03 വർഷത്തെ പലിശനിരക്ക് 10.20 ശതമാനം ആയിരുന്നു.

(ബി) വ്യവസ്ഥയില്ല.

(സി) നിലവിലുള്ള വീട് വിറ്റതിനുശേഷം രണ്ടാമത് വീണ്ടും വീട് പണിയുന്നതിന് ഏഴ് ജീവനക്കാർക്ക് പുതിയ ഭവന വായ്പ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഉദ്ദേശം, പരിധി, പലിശ നിരക്ക് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ചില പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് വായ്പകൾ നൽകുന്നതു പോലെ അനുബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭവന വായ്പകളും നാഷണൽ ഹൗസിംഗ് ബാങ്കിന്റെ പുനർവായ്പാ സംവിധാനംവഴി നൽകിയിരുന്ന ഭവന വായ്പകൾക്ക് ഈടാക്കുന്ന പലിശ കണക്കിലെടുത്ത് നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇത് നിയമാനുസൃതമാക്കുന്നതിന് ബാങ്ക് നടപടി സ്വീകരിച്ചിട്ടില്ല.

സഹകരണ ബാങ്കുകളിൽ ആട്ടോമേറ്റഡ് ടെല്ലർ മെഷീൻ സ്ഥാപിക്കാൻ നടപടി

99 (1298) ശ്രീ. എം. മുരളി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കുകളിലും ഓട്ടോമേറ്റഡ് ടെല്ലർ മെഷീൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഇത്തരം യന്ത്രങ്ങൾ സ്ഥാപിക്കുന്നതുമൂലം സഹകരണ ബാങ്കുകളുടെ കഴിവ് വർദ്ധിക്കുകയും ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ലഭിക്കുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതാനും ജില്ലാ സഹകരണ ബാങ്കുകളിലും സ്റ്റേറ്റ് സഹകരണ ബാങ്കിന്റെ ഏതാനും ശാഖകളിലും എ.ടി.എം. സ്ഥാപിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണബാങ്കുകൾ എന്നിവ എ.റ്റി.എം. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ എ.റ്റി.എം. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ കാണിക്കുന്ന അലംഭാവം

100 (1299) ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിത്ത്, വളം, കീടനാശിനി എന്നിവ കർഷകർക്ക് എത്തിക്കുക എന്ന മുഖ്യ ചുമതല നിർവ്വഹിക്കുന്നതിൽ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ അലംഭാവം കാണിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കർഷകർ സ്വകാര്യ കുത്തകകളുടെയും, വ്യക്തികളുടെയും ചൂഷണത്തിനിരയാകുന്ന അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അഡ്മിനിസ്ട്രേറ്റീവ് ഭരണം ഉള്ള സഹകരണ സംഘങ്ങൾ

101 (1300) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ മൊത്തം വോട്ടർമാർ എത്ര ; ഇതിൽ ക്രെഡിറ്റ്, ക്രെഡിറ്റേതര സൊസൈറ്റികളുടെ എണ്ണം വിശദമാക്കുമോ ;

(ബി) എത്ര സൊസൈറ്റികൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; ലിക്വിഡേറ്റ് ചെയ്യപ്പെടാനുള്ള കാരണമെന്തായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly